(ബി) കാൻസർ രോഗചികിത്സയിൽ ആയുർവ്വേദം, ഹോമിയോ, സിദ്ധ, ആൾട്ടർനേറ്റീവ് മെഡിസിൻ എന്നീ വിഭാഗങ്ങൾക്ക് നിർണ്ണായക പങ്കുവഹിക്കാൻ സാധിക്കുമെന്നത് പരിഗണിച്ച് എല്ലാ വിഭാഗത്തിലെയും വിദഗ്ധരുടെ നേതൃത്വത്തിൽ ഗവേഷണവും സംയുക്ത ചികിത്സാ രീതികളും പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ഉണ്ട്. തൃശ്ശൂർ, കോഴിക്കോട്, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ മിനി ആർ.സി.സി. തുടങ്ങുവാനുള്ള പദ്ധതി 14-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) തൽക്കാലം പരിഗണനയിലില്ല.

തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണം

14 (*374) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണം എത്ര വർഷം കൂടുമ്പോഴാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) അവസാനമായി വേതനം പുതുക്കി നൽകിയത് എന്നാണ് ;

(സി) വേതന പരിഷ്കരണം നടപ്പിലാക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പുതിയ വേതന പരിഷ്കരണം എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഓരോ മൂന്ന് വർഷം കൂടുമ്പോഴാണ് തൊഴിലാളികളുടെ വേതന പരിഷ്കരണം നടപ്പിലാക്കുന്നത്.

(ബി) 22-5-2012-ൽ, പ്രാബല്യ തീയതി 1-2-2012

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്ലാന്റേഷൻ മേഖലയിലെ വേതന പരിഷ്കരണം ചർച്ച ചെയ്യുന്നതിനായി 2014-15 കാലഘട്ടത്തിൽ ആറുതവണ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിൽ വേതന പരിഷ്കരണവുമായി ബന്ധപ്പെട്ട് വിശദമായ ചർച്ച ചെയ്തിരുന്നുവെങ്കിലും തൊഴിലാളി- തൊഴിലുടമ പ്രതിനിധികളുടെ അഭിപ്രായ സമന്വയം സാധ്യമായിട്ടില്ല. ഒന്നോ രണ്ടോ യോഗങ്ങൾ കൂടി ചേർന്ന് വിഷയം ചർച്ചചെയ്ത് ഒത്തുതീർപ്പിലെത്തി കരാർ ഒപ്പിടാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

(ഡി) പുതിയ കരാർ ഒപ്പിടുമ്പോൾ പ്രാബല്യ തീയതി സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

നഴ്സുമാരുടെ റിക്രൂട്ടിംഗ്

15 (*375) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ.. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശത്ത് ജോലി ചെയ്യാൻ ഉദ്ദേശിക്കുന്ന നഴ്സുമാരുടെ റിക്രൂട്ട്മെന്റ് സംസ്ഥാന സർക്കാരിന്റെ റിക്രൂട്ടിംഗ് ഏജൻസിവഴി മാത്രമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഏത് റിക്രൂട്ടിംഗ് ഏജൻസി വഴിയാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) എന്തെല്ലാം ഗുണങ്ങളും സൗകര്യങ്ങളുമാണ് ഇതുവഴി നഴ്സുമാർക്ക് ലഭിക്കുന്നത് ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ.ഷിബു ബേബി ജോൺ) :

(എ) 12-3-2015-ൽ കേന്ദ്ര പ്രവാസി ഭാരതീയ കാര്യമന്ത്രാലയം പുറത്തിറക്കിയ ഉത്തരവ് പ്രകാരം ഇ.സി.ആർ. രാജ്യങ്ങളിലേക്കുള്ള നഴ്സുമാരുടെ നിയമനാധികാരം കേരള സർക്കാരിന്റെ കീഴിലുള്ള നോർക്ക റൂട്ട്സ്, ഒ.ഡി.ഇ.പി.സി. ലിമിറ്റഡ്, തമിഴ്നാട് സർക്കാരിന്റെ ഒ.എം.സി.ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് മാത്രമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly